**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 90** **09-06-2021 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ വികസന പ്രവർത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri. A. K. Saseendran<br>(വനം, വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിൽ വികസന പ്രവർത്തികൾ നടത്തുന്നതിന് നിലവിലുണ്ടായിരുന്ന കൺവീനർ സമ്പ്രദായം മാറ്റി കരാർ സംവിധാനം കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ്; | (എ) | വനംവകുപ്പിൽ വികസന പ്രവർത്തികൾ നടത്തുന്നതിന് നിലവിലുണ്ടായിരുന്ന കൺവീനർ സമ്പ്രദായം മാറ്റി കരാർ സംവിധാനം കൊണ്ടുവന്നിട്ടുണ്ട്. തൊഴിലാളിക്ഷാമവും, വേതനഘടനയിലുണ്ടായ ഭീമമായ വർദ്ധനവും കാരണം കൺവീനർ വ്യവസ്ഥപ്രകാരം കാര്യക്ഷമതയോടെ നിർദ്ദിഷ്ട പ്രവൃത്തികൾ നടപ്പിലാക്കുവാൻ ബുദ്ധിമുട്ടുണ്ടാകുന്നതും, വനസംബന്ധമായ ജോലികൾ നടപ്പിലാക്കുമ്പോൾ കൂടുതൽ സുതാര്യത കൈവരുത്തുന്നതിനുമായാണ് കൺവീനർ സമ്പ്രദായം മാറ്റി കരാർ സംവിധാനം കൊണ്ടുവന്നത്. |
| (ബി) | ഈ സംവിധാനം നിലവിൽ വന്നശേഷം എസ്റ്റിമേറ്റ് തുകയേക്കാൾ ഏഴ് മുതൽ പത്ത് ശതമാനം വരെ വർദ്ധനവ് വരുത്തിയാണ് കരാർ നൽകുന്നത് എന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ? | (ബി) | ഈ സംവിധാനം നിലവിൽ വന്ന ശേഷം എല്ലാ കരാറുകൾക്കും ഈ വർദ്ധന ഉണ്ടാകുന്നില്ല. നിലവിൽ ഫോറസ്റ്റി ജോലികൾക്കായുള്ള അടങ്കൽ ഫോറസ്റ്റി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (എഫ്.എസ്.ആർ) പ്രകാരം തയ്യാറാക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ 10% കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് കൂടി ഉൾപ്പെടുത്തുന്നുണ്ട്. എന്നാൽ, ടെണ്ടറിൽ അടങ്കൽ നിരക്കിനേക്കാൾ കൂടിയും കുറഞ്ഞും കോട്ട ചെയ്യുന്നുണ്ട്. പൊതുവിൽ 40% കുറവു മുതൽ 10% അധികം വരെ നിരക്കുകളിൽ ജോലികൾക്ക് കരാർ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ